'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീയുടെ പ്രത്യേക ജീവനോപാധി വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി 25 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.1947/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/09/2019

---

പരാമർശം:- 1 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18/06/19-ലെ 2655/എ/19/കെ.എസ്.എച്ച്.ഒ. നം. കത്ത്

2 08/08/19 ലെ സ.ഉ.(സാധാ)നം. 1715/2019/ത.സ്വ.ഭ.വ. ഉത്തരവ്

<u>**ഉത്തരവ്**</u>

പ്രകൃതി ദുരന്തം മൂലം നഷ്ടപ്പെട്ട ജീവനോപാധികൾ പുനഃസ്ഥാപിക്കുന്നതിനും ജീവനോപാധികൾ ഏർപ്പെടുത്തുന്നതിനുമായി 'പ്രത്യേക ജീവനോപാധി വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി കുടുംബശ്രീക്ക് 2019-20 വർഷത്തെ സംസ്ഥാന ബജറ്റിൽ 4515-00-800-48 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളതും പരാമർശം(2) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുള്ളതുമായ 75 കോടി രൂപയുടെ 50% തുകയായ 37.5 കോടി രൂപ അനുവദിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(2) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുള്ള കുടുംബശ്രീയുടെ പ്രത്യേക ജീവനോപാധി വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി ആകെ ബഡ്ജറ്റ് വിഹിതമായ 75 കോടി രൂപയുടെ 1/3 തുകയായ 25 കോടി രൂപ 4515-00-800-48 എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുക വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്

ധനകാര്യ വകുപ്പ്(റഫറൻസ് നം.ഡെവലപ്പ്മെന്റ്2/164/2019/ഫിൻ തീയതി 22.08.2019)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ